പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 86

26.09.2016 ൽ നൽകിയ
ഇടക്കാല മറുപടിയുടെ അന്തിമ മറുപടി

## <u>പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ</u>

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി | | | |
|---|---|---|---|---|---|
| | | നൽകിയ മറുപടി | | അന്തിമ മറുപടി | |
| എ) | പോലീസ് സ്റ്റേഷനുകളിൽ കേസുകളുമായി ബന്ധപ്പെട്ട് പോലീസ് പിടിച്ചെടുത്ത എത്ര വാഹനങ്ങൾ ഉണ്ട്; സ്റ്റേഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | എ) & ബി) | വിവരം ശേഖരിച്ചു വരുന്നു. | എ) | പോലീസ് സ്റ്റേഷനുകളിൽ കേസ്സുകളുമായി ബന്ധപ്പെട്ട് പോലീസ് പിടിച്ചെടുത്ത 28535 വാഹനങ്ങൾ ഉണ്ട്. വാഹനങ്ങളുടെ പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് അനുബന്ധം 'എ' ആയി കാണാവുന്നതാണ്. |
| ബി) | വാഹനങ്ങൾ പിടികൂടിയിട്ടുള്ള കുറ്റങ്ങളുടെ തരം തിരിച്ചുള്ള കണക്കു നൽകാമോ; | | | ബി) | പിടികൂടിയിട്ടുള്ള വാഹനങ്ങൾ ഉൾപ്പെട്ടിട്ടുള്ള കുറ്റങ്ങളുടെ തരം തിരിച്ചുള്ള കണക്ക് ജില്ലാ അടിസ്ഥാനത്തിൽ ഇതോടൊപ്പം അനുബന്ധം 'ബി' ആയി കാണാവുന്നതാണ്. |
| സി) | അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ നടപടിക്രമങ്ങൾ മൂലം തുരുമ്പെടുത്ത് നശിക്കുന്നതു കാരണം കോടിക്കണക്കിനു രൂപ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഡി) & ഇ) | അനധികൃത മണൽ-ക്കടത്തുൾപ്പെടെയുള്ള കുറ്റങ്ങളിൽ തൊണ്ടി മുതലായി പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ നിയമപരമായ നടപടികൾ | സി) ഡി) & ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണൽ കേസുകളിൽ ഉൾപ്പെട്ട് പിടികൂടുന്ന വാഹനങ്ങൾ ബഹു. കോടതിയുടെയും, റവന്യൂ അധികാരികളുടെയും ഉത്തരവുകളുടെ |

| | | | | | |
|---|---|---|---|---|---|
| | | | പൂർത്തിയാക്കി അതിവേഗം പരിഹാരമുണ്ടാക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്. | | അടിസ്ഥാനത്തിൽ മാത്രമേ ഉടമസ്ഥന് കൈമാറുവാൻ നിർവ്വാഹമുള്ളൂ. എന്നാൽ അവകാശികളില്ലാത്തതും സ്റ്റേഷനുകളിൽ പിടിച്ചെടുത്ത് സൂക്ഷിച്ചിട്ടുള്ളതുമായ വാഹനങ്ങളുടെ ലേലം നടത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | വാഹനങ്ങളിൽ മലിനജലം കെട്ടിനിൽക്കുന്നതിനാൽ കൊതുകുകൾ പെരുകുന്നുണ്ടെന്നും, വാഹനങ്ങളുടെ ഇടയിലുള്ള മണൽക്കൂനകൾ തെരുവു നായ്ക്കൾ താവളമാക്കുന്നതുമായ സാഹചര്യത്തിൽ ഭീതിയോടെയാണ് ആളുകൾ പോലീസ് സ്റ്റേഷനുകളിലെത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | | | |
| ഇ) | ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനായും, കേസുകളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനായും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ? | | | | |

സെക്ഷൻ ഓഫീസർ